പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2032

11.06.2018 ൽ
മറുപടിക്ക്

## സ്മാർട്ട് പോലീസ് സ്റ്റേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോജി. എം. ജോൺ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | പോലീസ് സേനയെ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷനുകളാക്കിയത് മൂലം പോലീസിന്റെ കാര്യക്ഷമത വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | എ) | ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കിയത് മൂലം പോലീസിന്റെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ട്. സി.സി.ടി. എൻ.എസ്. - എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യൽ, iAPS സംവിധാനം, കെട്ടിടങ്ങൾ, വാഹനങ്ങൾ, ഇ-മെയിൽ സംവിധാനം, പരാതികൾ സ്വീകരിക്കുന്നതിനും മറ്റും വെബ് പോർട്ടൽ സംവിധാനം, ആധുനിക ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസേഷൻ എന്നിവയിലൂടെ പോലീസിന്റെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ട്. |
| ബി) | കേസന്വേഷണത്തിൽ ശാസ്ത്രീയ വശം ഉപയോഗപ്പെടുത്തുന്നതിലൂടെ പോലീസ് സേന മൂന്നാം മുറ ഉപയോഗിക്കുന്നത് തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ശാസ്ത്രീയമായ രീതിയിൽ കേസന്വേഷണം നടത്തുന്നതിലൂടെ മൂന്നാംമുറ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| സി) | നിലവിൽ ഏതൊക്കെ ജില്ലകളിലാണ് ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചിട്ടുള്ളത്; വരാപ്പുഴ കേസിൽ അറസ്റ്റിലായ ശ്രീജിത്ത് ഉൾപ്പെടെയുള്ളവരെ ഈ ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറികളിലാണോ ചോദ്യം ചെയ്തത്; | സി) | ഇടുക്കി, തിരുവനന്തപുരം റൂറൽ എന്നീ ജില്ലകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും ആധുനിക രീതിയിലുള്ള ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് സിറ്റിയിൽ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. വരാപ്പുഴ കേസുമായി ബന്ധപ്പെട്ട് പ്രതികളെ ലോക്കൽ പോലീസ് ആധുനിക രീതിയിലുള്ള ഇന്ററോഗേഷൻ റൂമിൽ ചോദ്യം ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | പോലീസ് അക്കാഡമിയിൽ സൈബർ ഫോറൻസിക് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം എന്നീ സൗകര്യങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; വരാപ്പുഴയിൽ ശ്രീജിത്തിനെ മൂന്നാം മുറയ്ക്ക് വിധേയരാക്കിയ പോലീസുകാർ ഈ അക്കാഡമിയിൽ എന്തെങ്കിലും പ്രത്യേക പരിശീലനം നേടിയവരാണോ; | ഡി) | പോലീസ് അക്കാദമിയിൽ സൈബർ ഫോറൻസിക്കുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിനുള്ള കമ്പ്യൂട്ടർ ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്. സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വരാപ്പുഴ കേസ്സിൽ ഉൾപ്പെട്ട പ്രതികളിൽ ക്രിസ്പിൻ സാം, ദീപക്ക് എന്നിവർക്ക് പോലീസ് അക്കാദമിയിൽ പരിശീലനം നൽകിയിട്ടുണ്ട്. |
| ഇ) | പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ? | ഇ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ സ്ത്രീസൗഹൃദമാക്കുന്നതിന് ഫോർട്ട്, കൊല്ലം ഈസ്റ്റ്, കടവന്ത്ര, തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് ടൗൺ, കണ്ണൂർ ടൗൺ എന്നീ 6 പോലീസ് സ്റ്റേഷനുകൾക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.<br>സ്ത്രീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി എല്ലാ സ്റ്റേഷനുകളിലും വുമൺ ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ച് സ്റ്റേഷനിൽ വരുന്ന സ്ത്രീകൾക്കായി പ്രത്യേകം പരിഗണന നൽകുന്നുണ്ട്. കൂടാതെ ജനമൈത്രി ബീറ്റുകൾ പോകുന്ന ഉദ്യോഗസ്ഥർ മുഖാന്തിരം സ്റ്റേഷൻ അതിർത്തിയിൽ ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകളുടേയും പ്രായമായവരുടെയും ലിസ്റ്റ് തയ്യാറാക്കുകയും അവർക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുന്നുണ്ട്. സ്ത്രീകൾക്ക് നിർഭയമായി സ്റ്റേഷനുകളിൽ കയറിച്ചെല്ലുന്നതിനുള്ള ഒരന്തരീക്ഷമാണ് ഇപ്പോൾ ഉള്ളത്. പരാതികൾ സ്വീകരിക്കുന്നതിന് സ്റ്റേഷനുകളിൽ വനിതാ ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ പരാതികളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യേണ്ടുന്ന സന്ദർഭങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ മൊഴികൾ രേഖപ്പെടുത്തി വരുന്നതും ഇത്തരം കേസ്സുകളിൽ മുൻഗണനാ പ്രാധാന്യം നൽകി അന്വേഷണം നടത്തി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ